ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.06.2024**

## പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തു വന്ന പശ്ചാത്തലത്തിൽ, സർക്കാർ രൂപീകരണ ചർച്ചകൾക്കായി പ്രധാനമന്ത്രിയുടെ വസതിയിൽ NDA യോഗം ചേർന്നു. ടി.ഡി.പി, ജെ.ഡി.യു നേതാക്കൾ യോഗത്തിൽ പങ്കെടുത്തു
2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാഷ്ട്രപതിയെ കണ്ട് രാജിക്കത്ത് കൈമാറി. പുതിയ സർക്കാർ രൂപീകരിക്കും വരെ കാവൽ പ്രധാനമന്ത്രിയായി തുടരാൻ നിർദ്ദേശം നൽകി രാഷ്ട്രപതി.
3. സർക്കാർ രൂപീകരണ ചർച്ചകൾക്കായി ന്യൂഡൽഹിയിൽ ഇന്ന് I.N.D.I.A യോഗം. മുതിർന്ന കോൺഗ്രസ് നേതാക്കളും, ഘടകക്ഷി നേതാക്കളും യോഗത്തിനായി എത്തിച്ചേർന്നു.
4. മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാളിന് ഇടക്കാല ജാമ്യം നിഷേധിച്ച് ഡൽഹി കോടതി.
5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ മുന്നറിയിപ്പ്. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNUTVPM

******************************************

## <u>എൻഡിഎ യോഗം</u>

ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തു വന്ന സാഹചര്യത്തിൽ, സർക്കാർ രൂപീകരണം സംബന്ധിച്ച ചർച്ചകൾക്കായി NDA ന്യൂഡൽഹിയിൽ പ്രത്യേക യോഗം ചേർന്നു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വസതിയിൽ ചേർന്ന യോഗത്തിൽ എൻ.ഡി.എ ഘടകകക്ഷി നേതാക്കൾ പങ്കെടുത്തു. തെലുഗ് ദേശം പാർട്ടി അധ്യക്ഷൻ എൻ ചന്ദ്രബാബു നായിഡു, ജെഡിയു അധ്യക്ഷനും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാർ, എൽ.ജെ.പി (രാം വിലാസ്) അധ്യക്ഷൻ ചിരാഗ് പസ്വാൻ തുടങ്ങി പ്രമുഖ നേതാക്കൾ യോഗത്തിൽ പങ്കെടുത്തിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ 292 സീറ്റുകളിൽ വിജയം നേടിക്കൊണ്ടാണ് മോദി സർക്കാർ മൂന്നാം തവണയും ഭരണത്തുടർച്ച ഉറപ്പാക്കിയത്. 240 സീറ്റുകളിൽ വിജയം നേടി ബിജെപി ഏറ്റവും വലിയ ഒറ്റകക്ഷിയായപ്പോൾ, എൻ.ഡി.എ സഖ്യകക്ഷികളായ ടി.ഡി.പി 16 സീറ്റിലും, ജെ.ഡി.യു 12 സീറ്റിലും വിജയിച്ചു. സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് എൻ.ഡി.എ നിയുക്ത എംപിമാരുടെ യോഗം വെള്ളിയാഴ്ച ന്യൂഡൽഹിയിൽ ചേരും.

RNU TVPM

****************************************

## <u>പ്രധാനമന്ത്രി രാജി</u>

തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിൻറെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാഷ്ട്രപതിയെ കണ്ട് രാജിക്കത്ത് കൈമാറി. രാഷ്ട്രപതി ദ്രൗപദി മുർമു രാജി അംഗീകരിച്ചു. പുതിയ സർക്കാർ രൂപീകരിക്കും വരെ കാവൽ പ്രധാനമന്ത്രിയായി തുടരാൻ രാഷ്ട്രപതി നിർദ്ദേശം നൽകി. കേന്ദ്ര മന്ത്രിസഭയുടെ അവസാന യോഗത്തിന് ശേഷമാണ് ശ്രീ മോദി രാഷ്ട്രപതി ഭവനിലെത്തിയത്. കേന്ദ്രമന്ത്രിസഭയുടെ ഉപദേശ പ്രകാരം 17-ആം

ലോക്സഭ പിരിച്ചു വിടുന്നതിനുള്ള ഉത്തരവിലും രാഷ്ട്രപതി ഒപ്പുവച്ചു. സ്ഥാനമൊഴിയുന്ന മന്ത്രിസഭാംഗങ്ങൾക്ക്, രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാത്രി ഔദ്യോഗിക വിരുന്ന് നൽകും.

****************************************

**INDIA യോഗം**

തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിൻറെ പശ്ചാത്തലത്തിൽ വിളിച്ചു ചേർത്ത I.N.D.I.A ഘടകകക്ഷി നേതാക്കളുടെ യോഗം ന്യൂഡൽഹിയിൽ ഉടൻ ആരംഭിക്കും. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗേയുടെ വസതിയിലാണ് യോഗം. സർക്കാർ രൂപീകരണത്തിൻറെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുക്കുന്നതിനായി മുതിർന്ന കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി എന്നിവർ എത്തിച്ചേർന്നിട്ടുണ്ട്. അഖിലേഷ് യാദവ്, തേജസ്വി യാദവ്, ശരത് പവാർ, എം.കെ. സ്റ്റാലിൻ, അഭിഷേക് ബാനർജി, സഞ്ജയ് സിങ്ങ് തുടങ്ങിയ ഘടകകക്ഷിനേതാക്കൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. തിരഞ്ഞെടുപ്പിൽ 233 സീറ്റുകളിലാണ് I.N.D.I.A വിജയം നേടിയത്.

RNU TVPM

****************************************

**പ്രതികരണം - നേതാക്കൾ**

ലോക്സഭാ തെരഞ്ഞെടുപ്പിലെ തോൽവിയുടെ കാരണങ്ങൾ ആഴത്തിൽ പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . കേരളത്തിൽ എൽഡിഎഫിന് പ്രതീക്ഷിച്ച വിജയം നേടാനായില്ലെന്നും സർക്കാർ പ്രവർത്തനങ്ങളിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുമെന്നും അദ്ദേഹം പറഞ്ഞു. തൃശൂരിലെ ബിജെപിയുടെ വിജയം ഗൗരവമായി കാണുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

അതേസമയം, യു.ഡി.എഫിന് അനുകൂലമായ ജനവിധി സർക്കാരിനേറ്റ തിരിച്ചടിയാണെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ പ്രതികരിച്ചു. സർക്കാരിൻറെ വീഴ്ചകൾ തുറന്നു കാട്ടുന്നതിൽ യു.ഡി.എഫ് വിജയിച്ചതായും അദ്ദേഹം പറഞ്ഞു.

**************************************

**<u>മന്ത്രിസഭായോഗം</u>**

1968 -ലെ കേരള റവന്യൂ റിക്കവറി നിയമത്തിൽ ഭേദഗതി വരുത്താനുള്ള ബില്ലിന് സംസ്ഥാന മന്ത്രിസഭായോഗം അനുമതി നൽകി. നികുതി കുടിശ്ശികയുടെ പലിശ ഈടാക്കുന്നത് കുറയ്ക്കുക, ജപ്തി വസ്തുവിൻറെ വിൽപന വിവരങ്ങൾ ഓൺലൈനായി പ്രസിദ്ധപ്പെടുത്തുക,
റവന്യു റിക്കവറിയിൽ തവണകൾ അനുവദിക്കാൻ സർക്കാരിന് അനുമതി നൽകൽ തുടങ്ങിയവയാണ് ബില്ലിലെ പ്രധാന ഭേദഗതികൾ. കേരള തീരത്ത് ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസം ട്രോളിംഗ് നിരോധനം ഏർപ്പെടുത്താനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനും മന്ത്രിസഭ അനുമതി നൽകി.

**************************************

**<u>കേജ് രിവാൾ - ജാമ്യാപേക്ഷ</u>**

മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാളിന് ഇടക്കാല ജാമ്യം നിഷേധിച്ച് ഡൽഹി കോടതി. ആരോഗ്യപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഏഴ് ദിവസത്തെ ഇടക്കാല ജാമ്യത്തിന് അദ്ദേഹം റൗസ് അവന്യൂ കോടതിയെ സമീപിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കായി കെജ്രിവാളിന് സുപ്രീംകോടതി അനുവദിച്ച ഇടക്കാല ജാമ്യം ഈ മാസം രണ്ടിന് അവസാനിച്ചിരുന്നു. സ്ഥിരം

PNU TVPM

ജാമ്യത്തിനായുള്ള അദ്ദേഹത്തിൻറെ അപേക്ഷ കോടതി മറ്റന്നാൾ പരിഗണിക്കും.

***************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ മുന്നറിയിപ്പ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. അഞ്ച് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. റായൽസീമയ്ക്കും, കർണാടകാ തീരത്തിനും മുകളിൽ നിലനിൽക്കുന്ന ചക്രവാതചുഴികളുടെ സ്വാധീനത്താൽ സംസ്ഥാനത്ത്
അടുത്ത 5 ദിവസം വ്യാപക മഴ തുടരും. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ മറ്റന്നാൾ മുതൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.
കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

RNU TVPM

***************************************

**<u>തൃക്കാക്കര മേഘവിസ്ഫോടനം</u>**

എറണാകുളം തൃക്കാക്കരയിൽ കഴിഞ്ഞ മാസം 28 ന് ഉണ്ടായ കനത്തമഴ, മേഘവിസ്ഫോടനമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കുസാറ്റ് ക്യാമ്പസിലെ മാപിനിയിൽ 28 ന് രാവിലെ 9.30 നും 10.30 ന് ഇടയ്ക്കുള്ള ഒരു മണിക്കൂറിൽ 103 മില്ലീമീറ്റർ മഴ പെയ്തതായാണ് രേഖപ്പെടുത്തിയത്. സമീപ പ്രദേശമായ കളമശ്ശേരിയിൽ ഒരു മണിക്കൂറിൽ 100 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്. ഇത്

മേഘവിസ്ഫോടനമായി കണക്കാക്കാമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

****************************************

## മുതലപ്പൊഴി

മുതലപ്പൊഴി അഴിമുഖം തൽകാലം അടച്ചിടില്ലെന്ന് സർക്കാർ തീരുമാനം. ഫിഷറീസ് മന്ത്രി സജി ചെറിയാൻ വിളിച്ച യോഗത്തിൽ ഹാർബർ അടച്ചിടുന്നതിനെതിരെ, മത്സ്യതൊഴിലാളി സംഘടനകൾ ശക്തമായ എതിർപ്പ് രേഖപ്പെടുത്തിയ സാഹചര്യത്തിലാണ് തീരുമാനം. വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് മുതലപ്പൊഴി ഹാർബർ രണ്ടുമാസ കാലയളവിലേക്ക് അടച്ചിടാൻ ഫിഷറീസ് വകുപ്പ് നേരത്തെ ശുപാർശ നൽകിയിരുന്നു. കടൽക്ഷോഭ സമയങ്ങളിൽ മുതലപ്പൊഴി ഹാർബർ വഴി മത്സ്യബന്ധനയാനങ്ങൾ കടലിലേക്ക് പോകുന്നത് തടയുവാൻ പ്രാദേശിക സമിതികൾ രൂപീകരിക്കുവാനും, ഇവിടെ പുലിമുട്ട് നിർമ്മിക്കുന്ന പ്രവർത്തികൾ വേഗത്തിലാക്കുവാനും ചർച്ചയിൽ ധാരണയായി.

****************************************

## എ.കെ ശശീന്ദ്രൻ -പരിസ്ഥിതി ദിനം

പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിന് അനിവാര്യമാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം വഴുതക്കാട് വനം ആസ്ഥാനത്ത് നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രകൃതിയിലേക്കുള്ള മനുഷ്യൻറെ കടന്നുകയറ്റം ജീവജാലങ്ങളുടെ

RNU TVPM

ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയാണെന്നും, ഇത് ബോധവത്ക്കരണത്തിലൂടെ മാറ്റിയെടുക്കണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

**************************************

**വീണാ ജോർജ്**

സംസ്ഥാന വനിതാ വികസന കോർപ്പറേഷൻറെ 2022-23 സാമ്പത്തിക വർഷത്തിലെ ലാഭവിഹിതമായ 62.56 ലക്ഷം രൂപ മുഖ്യമന്ത്രിക്ക് മന്ത്രി വീണാ ജോർജ് കൈമാറി. മികച്ച പ്രവർത്തനങ്ങളിലൂടെ തുടർച്ചയായി ലാഭത്തിലെത്തിയ സ്ഥാപനമാണ് വനിത വികസന കോർപറേഷനെന്ന് മന്ത്രി പറഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ വനിതാ വികസന കോർപറേഷന് 5.5 കോടി രൂപയുടെ ലാഭമാണ് ലഭിച്ചത്.

**************************************

**അങ്കണവാടി പ്രവേശനോത്സവം**

സംസ്ഥാനതല അങ്കണവാടി പ്രവേശനോത്സവത്തിൻറെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്തെ ചൂഴംപാല മാതൃകാ അങ്കണവാടിയിൽ നാളെ നിർവഹിക്കും. ചടങ്ങിൽ വി. കെ. പ്രശാന്ത് എം. എൽ. എ അധ്യക്ഷത വഹിക്കും. .

**************************************

**ഇടുക്കി - (ഇൻട്രോ)**

സ്കൂളിൽ ഉത്പാദന കേന്ദ്രമൊരുക്കി ചരിത്രം രചിക്കാൻ തയ്യാറായി ഇടുക്കി പൂമാല ഗവൺമെന്റ് ട്രൈബൽ ഹയർ സെക്കൻഡറി സ്കൂൾ. *പൂക്കൂട* എന്ന പേരിൽ ആരംഭിച്ച സ്കൂൾ

RNUTVPM

പ്രൊഡക്ഷൻ സെന്റർ കഴിഞ്ഞ ദിവസം മുതൽ പ്രവർത്തനം ആരംഭിച്ചു.

ആകാശവാണി

ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറിക്കിയ റിപ്പോർട്ട്.

(വോയിസ്.............)

****************************************

**കാസർകോട് - തട്ടിപ്പ്**

കാസർഗോഡ് കാറഡുക്ക കാർഷിക സഹകരണ സംഘത്തിൽ നിന്ന് 4.76 കോടി രൂപ തട്ടിച്ച കേസിലെ പ്രധാന പ്രതികളെ അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. സംഘം സെക്രട്ടറി രതീഷ്, പങ്കാളി ജബ്ബാർ എന്നിവരെയാണ് തമിഴ്നാട് നാമക്കല്ലിൽ നിന്ന് പോലീസ് സംഘം പിടികൂടിയത്. കേസിൽ 3 പേരെ പൊലീസ് നേരത്തേ അറസ്റ്റ് ചെയ്തിരുന്നു.

RNU TVPM

****************************************

**ക്രിക്കറ്റ്**

ട്വന്റി -20 ലോക കപ്പ് ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് അയർലണ്ടിനെ നേരിടും. ന്യൂയോർക്കിൽ, ഇന്ത്യൻ സമയം രാത്രി എട്ട് മണിക്കാണ് മത്സരം.

****************************************

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.

ബോംബെ ഓഹരി സൂചിക സെൻസെക്സ് 2,303 പോയിൻറ് ഉയർന്ന് 74,382-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 736 പോയിൻറ് നേട്ടത്തിൽ 22,620-ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ ഇടിവ്. പവന് 160 രൂപ കുറഞ്ഞ് 53,280 - ഉം, ഗ്രാമിന് 20 രൂപ താഴ്ന്ന് 6,660 രൂപയുമാണ് ഇന്നത്തെ വില.

*****************************************

**<u>രക്ഷപ്പെടുത്തി - കോഴിക്കോട്</u>**

എഞ്ചിൻ നിലച്ച് കടലിൽ കുടുങ്ങിയ ഇൻബോർഡ് വള്ളവും 31 മത്സ്യത്തൊഴിലാളികളെയും ബേപ്പൂർ ഫിഷറീസ് മറൈൻ എൻഫോഴ്സസ്മെൻറ് രക്ഷപ്പെടുത്തി. ബേപ്പൂർ ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പോയ 'നാഥൻ' എന്ന ഇൻബോർഡ് വള്ളത്തിന്റെ എൻജിൻ തകരാറായി പരപ്പനങ്ങാടി ഭാഗത്ത് കടലിൽ കുടുങ്ങിയ വിവരം ലഭിച്ചതിൻറെ അടിസ്ഥാനത്തിൽ കാരുണ്യ മറൈൻ ആംബുലൻസിൻറെ സഹായത്തോടെ മറൈൻ എൻഫോഴ്സ്മെൻറ് വിങ് രക്ഷാ പ്രവർത്തനം നടത്തുകയായിരുന്നു. രക്ഷപ്പെടുത്തിയവരെ സുരക്ഷിതമായി ബേപ്പൂർ ഹാർബറിൽ എത്തിച്ചു.

RNU TVPM

*****************************************

*****************************************

******************